പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5199

24-10-2011-ൽ മറുപടിയ്ക്ക്

## പൈലിന്റെ ചുവട്ടിൽ നിന്നും ചെളി മാറ്റുന്ന നടപടി

| ചോദ്യം : ശ്രീ.ജി.സുധാകരൻ | ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| --- | --- |
| (എ) കുട്ടനാട് കാർഷിക പാക്കേജിന്റെ ഭാഗമായി നിർമ്മിക്കുന്ന സംരക്ഷണ ഭിത്തിയുടെ ബണ്ട് നിർമ്മാണത്തിനുള്ള കട്ട ചെളി ചെറിയ ജെ.സി.ബി ഉപയോഗിച്ച് പൈലിന്റെ ചുവട്ടിൽ നിന്നും എടുക്കുന്നുവെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചത് ; | (എ) കുട്ടനാട് കാർഷിക പാക്കേജിന്റെ ഭാഗമായി നിർമ്മിക്കുന്ന സംരക്ഷണ ഭിത്തിയുടെ ബണ്ട് നിർമ്മാണത്തിനുള്ള കട്ട ചെളി എടുക്കുന്നത് 15 മീറ്റർ നീളമുള്ള യന്ത്രകൈയ്യോടു കൂടിയ ജെ.സി.ബി ഉപയോഗിച്ചാണ്. ജെ.സി.ബി ഉപയോഗിച്ച് ഏകദേശം 20 മീറ്ററിൽ കുറയാത്ത ദൂരത്തുള്ള കട്ടചെളി എടുത്താണ് ബണ്ട് നിർമ്മിക്കുന്നത്. ചെറിയ ജെ.സി.ബി ഉപയോഗിച്ച് പൈലിന്റെ ചുവട്ടിൽ നിന്നും കട്ടചെളി എടുക്കുന്നത് നാളിതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) പൈലിന്റെ കീഴിൽ നിന്ന് ചെളി എടുത്താൽ പൈലുകൾ മറിഞ്ഞുപോകുമെന്നതിനാൽ ചെളി എടുക്കാൻ കൂട്ടുനിന്ന ഉദ്യോഗസ്ഥരുടെയും കരാറുകാരുടെയും പേരിൽ നടപടി സ്വീകരിക്കുമോ? | (ബി) പൈലിന്റെ കീഴിൽ നിന്നും ചെളി എടുക്കപ്പെടുന്നില്ല എന്നതിനാൽ പൈലുകൾ മറിഞ്ഞു പോകുവാനുള്ള സാധ്യതയില്ല. |

സെക്ഷൻ ഓഫീസർ